ദീപിക

13 January 2018

## പിടയ്ക്കുന്ന മീൻ മുതൽ പൊക്കാളി അരി വരെ

# മത്സ്യഭക്ഷ്യ വിപണന മേള 15ന് ആരംഭിക്കും

**കൊച്ചി:** കൂടുകൃഷിയിൽ വിളവെടുത്ത പിടയ്ക്കുന്ന കാളാഞ്ചിയും കരിമീനും തിലാപ്പിയയും ജീവനോടെ സ്വന്തമാക്കാൻ അവസരമൊരുക്കി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) മത്സ്യഭക്ഷ്യ കാർഷിക വിപണന മേള15ന് ആരംഭിക്കും. സിഎംഎഫ്ആർഐയിൽ നടക്കുന്ന മേളയിൽ മീൻ മാത്രമല്ല, കൊതിയൂറുന്ന കടൽ ഭക്ഷ്യവിഭവങ്ങൾ കഴിക്കാനും അവസരമുണ്ട്. കൂടാതെ, പൊക്കാളി അരി, പൊക്കാളി പുട്ട് പൊടി, വിവിധയിനം സുഗന്ധവ്യഞ്ജനങ്ങൾ, ട്യൂണ ഓയിൽ, സംസ്കരിച്ച ട്യൂണ, ട്യൂണ അച്ചാർ, ശീതീകരിച്ച ചെമ്മീൻ, ഓയിസ്റ്റർ വിഭവങ്ങൾ, ജൈവ പച്ചക്കറി തുടങ്ങി അനേകം ഉത്പന്നങ്ങൾ ലഭ്യമാകും.

രണ്ടാമത് അന്താരാഷ്ട്ര സഫാരി സമ്മേളനത്തോടനുബന്ധിച്ചാണ് സിഎംഎഫ്ആർഐയിൽ വിപണന മേളയും പ്രദർശനവും ഒരുക്കുന്നത്. കേന്ദ്ര സർക്കാർ സ്ഥാപനങ്ങളായ സ്പൈസസ് ബോർഡിന്റെയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ചിന്റെയും സ്റ്റാളിൽ മായം കലരാത്തതും ഉയർന്ന ഗുണമേന്മയുള്ളതുമായ ഏലം, കുരുമുളക്, ഗ്രാമ്പു, കറുവപ്പട്ട, ജീരകം, മഞ്ഞൾ തുടങ്ങിയ സുഗന്ധവ്യഞ്ജന വിഭവങ്ങൾ ലഭ്യമാകും. കൂടാതെ, ഇവയിൽ നിന്നുണ്ടാക്കുന്ന മൂല്യവർധിത ഉത്പന്നങ്ങളായ പലയിനം എണ്ണകൾ, സോപ്പുകൾ, തുളസി ഫെയ്സ് വാഷ് പോലുള്ള കോസ്മെറ്റിക് ഉത്പന്നങ്ങൾ, കറി പൗഡറുകൾ തുടങ്ങിയവയും ഇവിടെ ലഭിക്കും. അത്യുത്പാദന ശേഷിയുള്ള മഞ്ഞൾ, ഇഞ്ചി തുടങ്ങിയവയുടെ വിത്തുകളും കുറ്റിക്കുരുമുളകിന്റെ തൈകളും വില്പനയ്ക്കുണ്ടാകും.

വിപണന മേളയ്ക്കു പുറമെ വിവിധ ഗവേഷണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സാങ്കേതിക വിദ്യകളുടെ പ്രദർശനവുമുണ്ട്. ഐഎസ്ആർഒ, ഇൻകോയിസ് തുടങ്ങിയ സ്ഥാപനങ്ങളുടെ സ്റ്റാളുകളിൽ ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ പ്രദർശിപ്പിക്കും. സമുദ്ര അലങ്കാര മത്സ്യങ്ങളുടെ ശേഖരങ്ങളുള്ള മറൈൻ അക്വേറിയവും കാണാം. പ്രവേശനം സൗജന്യമാണ്. 17ന് മേള സമാപിക്കും.